പച്ചമരുന്നുകൾ വച്ചുപിടിപ്പിക്കാൻ സ്വീകരിച്ച നടപടികൾ

2014 [3123] ശ്രീ. കെ. മുസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സാമൂഹ്യവനവൽക്കരണ പരിപാടിയുടെ ഭാഗമായി പച്ചമരുന്നുകൾ വച്ചു പിടിപ്പിക്കുന്നതിന് ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിന് എന്തു തുക വകയിരുത്തിയിട്ടുണ്ടായിരുന്നു; അതിൽ ചെലവായത് എത്ര;

(സി) ഏതെല്ലാം കേന്ദ്രങ്ങളിലാണ് പച്ചമരുന്നുകൾ വച്ചുപിടിപ്പിച്ചിട്ടുള്ളത്; ഈ മരുന്നുകൾ എപ്രകാരം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) തോട്ടം നിർമ്മിച്ചുതുടങ്ങിയിട്ടുണ്ട്.

(ബി) ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന സാമൂഹ്യവൽക്കരണ പദ്ധതിയിൽ 1984–85, 1985–86 എന്നീ വർഷങ്ങളിൽ ചെലവാക്കാനായി 1 ലക്ഷം രൂപാവീതം വകയിരുത്തിയിരുന്നു. 1984–85, 1985–86 എന്നീ വർഷങ്ങളിൽ ആകെ 91,611 രൂപ 15 പൈസ ചെലവായി.

(സി) വയനാട് ജില്ലയിലെ ബേഗൂരിലും ഇടുക്കി ജില്ലയിലെ ദേവികുളത്തുമാണ് പച്ചമരുന്നുതോട്ടങ്ങൾ നിർമ്മിച്ചിട്ടുള്ളത്. ആയുർവേദ ഔഷധനിർമ്മാതാക്കൾക്ക് വിൽപ്പന നടത്താനാണ് ഉദ്ദേശിക്കുന്നത്.

ഉള്ളിക്കലിൽ ഒരു സബ് രജിസ്ട്രാർ ഓഫീസ്

2015 [3124] ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട ഉളിക്കൽ കേന്ദ്രമായി ഒരു സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കണമെന്ന് ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

കേരളത്തിൽ സ്റ്റേഡിയം ഉള്ള നഗരങ്ങൾ

2016 [3125] ശ്രീ. ഇ. ജെ. ലൂക്കോസ്:
ശ്രീ. വി. വി. ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് വനം വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

കേരളത്തിലെ എത്ര നഗരങ്ങളിൽ സ്റ്റേഡിയങ്ങൾ ഉണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്നു നഗരങ്ങളിൽ (സിറ്റികളിൽ) സ്റ്റേഡിയങ്ങൾ ഉണ്ട്.

കളിസ്ഥലം നിർമ്മിക്കുന്നതിന് ധനസഹായം

2017 [3126] ശ്രീമതി കെ. ആർ. ഗൗരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കളിസ്ഥലം നിർമ്മിക്കുന്നതിന് 1982 മുതൽ 1986 വരെ എത്ര സ്ഥാപനങ്ങൾക്കു ധനസഹായം നൽകിയിട്ടുണ്ട്;

(ബി) ഒക്കെ എത്ര രൂപ?

ഉത്തരം

(എ) സംസ്ഥാനത്തു കളിസ്ഥലം നിർമ്മിക്കുന്നതിന് 1982 മുതൽ 1986 വരെ 140 സ്ഥാപനങ്ങൾക്കു സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ധനസഹായം നൽകിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ 140 സ്ഥാപനങ്ങൾക്കായി കേരള സ്പോർട്സ് കൗൺസിൽവഴിനിന്നും 1,04,94,440 രൂപയും കേന്ദ്ര സർക്കാരിൽനിന്നും 55 സ്ഥാപനങ്ങൾക്കു 44,27,048 രൂപയും സഹായ ധനമായി മൊത്തം 1,49,21,488 രൂപ നൽകിക്കഴിഞ്ഞു.

ഇൻഡോർ സ്റ്റേഡിയങ്ങൾക്കു ധനസഹായം

2018 [3127] ശ്രീമതി കെ. ആർ. ഗൗരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ ആഭിമുഖ്യത്തിൽ നിർമ്മിച്ച എത്തെല്ലാം ഇൻഡോർ സ്റ്റേഡിയങ്ങൾക്കാണു ധനസഹായം നൽകിയിട്ടുള്ളത്;

(ബി) പ്രസ്തുത സ്റ്റേഡിയങ്ങൾക്കു 1982 മുതൽ 1986 വരെ കൊടുത്ത ധനസഹായം എത്ര വീതം?

ഉത്തരം

(എ)
1. ഇൻഡോർ സ്റ്റേഡിയം, മലപ്പുറം.
2. ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ.
3. ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്
4. ഇൻഡോർ സ്റ്റേഡിയം, കോട്ടയം.

(ബി)

ഇൻഡോർ സ്റ്റേഡിയം, മലപ്പുറം	75,000 രൂപ
ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ	15,75,000 ,,
ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്	39,50,000 ,,
ഇൻഡോർ സ്റ്റേഡിയം, കോട്ടയം	4,00,000 ,,

LIBRARY ARCHIVES Kerala Legislative Assembly